**WEBSITE: www.keralapsc.gov.in** **E-mail:kpsc.psc@kerala.gov.in**
**Telephone No: 0471-2447201.**

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## Madras Hindu Religious and Charitable Endowment (Act and Rules) February 2024

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

| | |
|---|---|
| 1. | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകൾ **(Special Test) Objective Type - (ONLINE)** രീതിയിലായിരിക്കും. |
| 2. | പരീക്ഷാർത്ഥികൾ പരീക്ഷയ്ക്ക് അര മണിക്കൂർ മുമ്പ് പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. വെരിഫിക്കേഷൻ നടപടി സമയം കഴിഞ്ഞ് വൈകിയെത്തുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. വകുപ്പുതല പരീക്ഷയുടെ വെരിഫിക്കേഷൻ ഉൾപ്പെടെയുളള നടപടികൾ പൂർത്തിയാക്കുന്നതിലേക്കായി പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രത്തിൽ ടൈംടേബിൾ പ്രകാരമുളള സമയത്തിന് അരമണിക്കൂർ മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (ടൈംടേബിൾ പ്രകാരമുളള സമയം **08.30 am to 11.30 am** ആണെങ്കിൽ പരീക്ഷാർത്ഥി **08.00 am**-ന് തന്നെ പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. |
| 3. | പരീക്ഷാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ പി.എസ്.സി മുദ്രയുടെ പ്രിന്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്. |
| 4. | <u>പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് (ഓഫീസ് മേധാവി യഥാവിധി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കേണ്ടതും പരിശോധനയ്ക്ക് നൽകി തിരികെ കൈപ്പറ്റേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് (ഓഫിസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കാത്തപക്ഷം പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.</u> |
| 5. | <u>അഡ്മിഷൻ ടിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും ഉണ്ടായിരിക്കണം. ഓഫീസ് മുദ്ര നിർബന്ധമായും പതിച്ചിരിക്കണം. ടി നിർദ്ദേശങ്ങൾ പാലിക്കാത്ത പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.</u> |
| 6 | <u>അഡ്മിഷൻ ടിക്കറ്റിൽ ഫോട്ടോയ്ക്ക് താഴെ നൽകിയിരിക്കുന്ന സ്ഥലത്ത് പരീക്ഷാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.</u> |
| 7 | ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുളള കുറഞ്ഞ മാർക്ക് 35 ഉം രണ്ടു പേപ്പറിനും കൂടി 40% ഉം ആയിരിക്കും. നെഗറ്റീവ് മാർക്ക് ബാധകമാണ്. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാകുകയില്ല. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റ് ഉത്തരത്തിനും **1/3** മാർക്ക് നഷ്ടമാകുകയും ചെയ്യും. |
| 8 | <u>യാതൊരുകാരണവശാലും പരീക്ഷാകേന്ദ്രമാറ്റം അനുവദിക്കുന്നതല്ല.</u> |
| 9 | യാത്രാബത്തയ്ക്ക് അർഹരായ പരീക്ഷാർത്ഥികൾ **Attendance Certificate** അതാതുദിവസം പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും കൈപ്പറ്റേണ്ടതാണ് |

| | |
|---|---|
| 10 | കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുറിപ്പുകൾ പുസ്തകങ്ങൾ, ഗൈഡുകൾ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, കാൽക്കുലേറ്റർ, ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ, ബ്ലൂടൂത്ത്, വാക് മാൻ, വാച്ച് തുടങ്ങിയ ഇലക്ട്രോണിക് / വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ പരീക്ഷാകേന്ദ്രത്തിൽ അനുവദിക്കുന്നതല്ല. പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 11. | നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ കർശനമായും പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ പേരിൽ വകുപ്പുതലപരീക്ഷകളിൽ നിന്നും ഡീബാർ ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)
സെക്രട്ടറി
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**